ധിച്ച് ഉചിത നടപടികൾ സ്വീകരിക്കാനായി ബോർഡിന്റെ ഓഫീസുകൾ 9 ജില്ലകളിൽ ഏർപ്പെടുത്തുകയും അവർക്ക് അധികാരങ്ങൾ വികേന്ദ്രീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. മലിനജലം പൂർണ്ണമായി പുനരുപയോഗവും പുനചംക്രമണവും ചെയ്യാൻ ജർമൻ സാങ്കേതികവിദ്യ ഉപയോഗിച്ച് ഒരു പദ്ധതി ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ്സിൽ ആറുമാസത്തിനകം തുടങ്ങുന്നതിന് തീരുമാനമായിട്ടുണ്ട്. അതു നടപ്പാക്കുംവരെ മലിനജലത്തിലെ മുഖ്യമാലിന്യങ്ങളായ ഫെറസ് സൾഫേറ്റും ആസിഡും പരമാവധി മാറ്റുന്നതിനും സമീപ ഫാക്ടറിയായ ട്രാവൻകൂർ സൾഫേറ്റ്സ് നൽകിയ വാഗ്ദാനം പ്രയോജനപ്പെടുത്തുന്നതിനും തീരുമാനം ആയിട്ടുണ്ട്. വായു മലിനീകരണത്തെ കുറിച്ച് പഠിക്കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ ഉടൻ നിയമിക്കുന്നതാണ്.

ഗ്രാസിം ഇൻഡസ്ട്രിയിൽ നിന്നുള്ള ജലവായു മലിനീകരണം തടയുന്നതിന് ഡോ. സെൻ ഗുപ്തയുടെ അദ്ധ്യക്ഷതയിൽ സർക്കാർ നിയമിച്ച സമിതി നിർദ്ദേശിച്ചിട്ടുള്ള ഉപാധികൾ പൂർണ്ണമായി നടപ്പിലാക്കുവാൻ മലിനീകരണ നിയന്ത്രണ ബോർഡ് കമ്പനിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കമ്പനി ഇപ്പോൾ അടച്ചിട്ടിരിക്കുകയാണ്.

ആലപ്പുഴ ജില്ലയിലെ അരൂർ, ചന്തിരൂർ പ്രദേശത്തെ പീലിംഗ് ഷെഡുകളിൽ നിന്നുള്ള മലിനജലം പാഴ്വസ്തുകളും ശേഖരിച്ചു സംസ്കരിക്കുന്നതിനായി കോമൺ എഫ്ളുവന്റ് ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ എടുത്തുവരുന്നു.

## മഹിളാനിധി ഗ്രൂപ്പുകൾ

14 (*573) ശ്രീ. കെ. മുഹമ്മാദാലി :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. വി. ബാലറാം :
ശ്രീ. വി.ജെ. പൗലോസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണ പദ്ധതിയനുസരിച്ച് മഹിളാനിധി ഗ്രൂപ്പുകൾ രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) സംസ്ഥാനത്ത് ഇതുവരെ എത്ര മഹിളാനിധി ഗ്രൂപ്പുകൾ സ്ഥാപിച്ച് പ്രവർത്തനം നടത്തിവരുന്നു;

(ഡി) ഇവ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്;

(ഇ) ഇത്തരം ഗ്രൂപ്പുകൾക്കും അതിലെ വ്യക്തികൾക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ഗ്രാന്റ് നൽകാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തു തുക എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ ഗ്രാന്റ് ലഭിക്കുന്നവർക്ക് എന്തെങ്കിലും പരിശീലനം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ജി) ഇതുവരെ മഹിളാനിധി ഗ്രൂപ്പുകാർക്കുവേണ്ടി ജനകീയാസൂത്രണത്തിന് നീക്കിവച്ചിട്ടുള്ള ഫണ്ടിൽ നിന്ന് എന്ത് തുക നൽകിയിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി)

(എ)-(ജി) മഹിളാനിധി ഗ്രൂപ്പുകൾ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായുള്ളതല്ല.

## കശുവണ്ടി ഫാക്ടറികളിൽ നവീകരണ പദ്ധതികൾ

15 (*574) ശ്രീ. ജോസ് ബേബി :
ശ്രീ. കെ.പി. രാജേന്ദ്രൻ :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. പി. നാരായണൻ :
ശ്രീ. യു.എസ്. ശശി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികളിൽ നവീകരണ പദ്ധതികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നവീകരണപദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ)

(എ)&(ബി) ഉണ്ട്. താഴെപ്പറയുന്ന നവീകരണപദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നു.

(1) തൊഴിലാളികൾ ജോലിചെയ്തുകൊണ്ടുവരുന്ന പരിപ്പ് തൂക്കുന്നതിനും, വേജസ് സ്ലിപ്പ് നൽകുന്നതിനും കംപ്യൂട്ടറൈസ്ഡ് വെയിംഗ് മെഷീന്റെ സ്ഥാപനം.

(2) ഫാക്ടറികളിലെ പഴയ ഓലഷെഡ് മാറ്റി, ഷീറ്റ് റൂഫോടുകൂടിയ ആധുനിക ഷെഡ് നിർമ്മാണവും ചുറ്റുമതിലില്ലാത്ത ഫാക്ടറികളിൽ ചുറ്റുമതിൽ നിർമ്മാണവും.

(3) സ്റ്റെയിൻലസ് സ്റ്റീൽ ടോപോടുകൂടിയ മേശയും സ്റ്റീൽ കസേരകളും പീലിംഗ്, ഗ്രേഡിംഗ് തൊഴിലാളികൾക്ക് നൽകി;

(4) നിലവിലുള്ള റോസ്റ്റിംഗ്/ഷെല്ലിംഗ് സംവിധാനത്തിൽ മാറ്റം വരുത്തി, ചില ഫാക്ടറികളിൽ കട്ടിംഗ് രീതി അവലംബിക്കുന്നതിനുള്ള നടപടികൾ തുടങ്ങി;

(5) ഗ്രേഡിംഗ് ജോലികൾ ചെയ്യുന്നതിന് ഓട്ടോമാറ്റിക്ക് സീവിംഗ് ട്രേകളുടെ സ്ഥാപനം;

(6) വർക്കിംഗ് കണ്ടീഷൻ മെച്ചപ്പെടുത്തുന്നതിന് ജോലിസ്ഥലത്ത് ആവശ്യാനുസരണം ഫാൻ, എക്സോസ്റ്റ് ഫാൻ, ട്യൂബ് ലൈറ്റ് എന്നിവകളുടെ സ്ഥാപനം;

(7) ഗ്രേഡിംഗ് തൊഴിലാളികൾക്ക് തൊപ്പി, കൈയുറ എന്നിവ നൽകൽ

(8) ഷെല്ലിംഗ് തൊഴിലാളികൾക്ക് വിരലുറ നൽകുകയും കൊരണ്ടി നൽകുകയും ഷെല്ലിംഗ് ഷെഡ് സിമ്മന്റിടുകയും ചെയ്തു.

(9) ആവശ്യാനുസരണം ടോയ്ലറ്റുകളുടെ സ്ഥാപനം

LIBRARY ARCHIVES Kerala Legislative Assembly